(ബി) സംസ്ഥാന സർക്കാർ അല്ലെങ്കിൽ സഹകരണ മേഖല ഉല്പാദിപ്പിക്കാത്ത ഉല്പന്നങ്ങൾ ആണ് പ്രധാനമായും സ്വകാര്യ മേഖലയിൽ നിന്നും വാങ്ങി വിപണനം നടത്തുന്നത്. ഉപഭോക്താക്കളുടെ താല്പര്യം മുൻനിർത്തിയാണ് സാധനങ്ങൾ വാങ്ങുന്നതും വിപണനം നടത്തുന്നതും. ഉല്പന്നങ്ങളുടെ ഗുണനിലവാരവും വിലക്കുറവും മാത്രമാണ് ഇതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ.

(സി) ഹിന്ദുസ്ഥാൻ ലിവറിൽ നിന്നും ലഭ്യമാകുന്ന സാധനങ്ങൾ ഒന്നും തന്നെ കേരഫെഡ് ഉല്പാദിപ്പിക്കുന്നില്ല. ഫെഡറേഷൻ കൊപ്ര സംഭരിച്ച് എണ്ണയാക്കി സ്വന്തം ബ്രാൻഡിൽ ത്രിവേണി വെളിച്ചെണ്ണ വിപണനം നടത്തി തുടങ്ങിയതുമൂലമാണ് കേര പോലുള്ള മറ്റു ബ്രാൻഡുകളിലുള്ള വെളിച്ചെണ്ണ വിപണനം നടത്തുന്നതിന് ഫെഡറേഷൻ നിയന്ത്രണം ഏർപ്പെടുത്തിയത്. കൂടാതെ ചെറുകിട സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന വെളിച്ചെണ്ണയ്ക്ക് വിപണി കണ്ടെത്താതെ കഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഫെഡറേഷന്റെ വിപുലമായ ശൃംഖല വഴി വെളിച്ചെണ്ണയും മറ്റ് ഉല്പന്നങ്ങളും വിറ്റ് അവരുടെ നിലനിൽപ്പ് ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനമാണ് ഫെഡറേഷൻ നടത്തുന്നത്.

കയർ 2011 അന്താരാഷ്ട്ര എക്സിബിഷൻ

41(2293) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിൽ കയർ വകുപ്പ് സംഘടിപ്പിച്ചിട്ടുള്ള കയർ 2011' എന്ന അന്താരാഷ്ട്ര എക്സിബിഷനു വേണ്ടി എത്ര രൂപ കേരള സർക്കാരിൽ നിന്നും ചെലവായിട്ടുണ്ട് ; ഏതൊക്കെ ഫണ്ടുകളാണ് ഇതിനു വേണ്ടി തുക ഉപയോഗിച്ചിട്ടുള്ളത് ; അതെത്ര വീതമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിൽ നിന്നോ സ്വകാര്യ സംരംഭകരിൽ നിന്നോ ഏതെങ്കിലും തരത്തിലുള്ള സംഭാവനകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അന്താരാഷ്ട്ര എക്സിബിഷനിലൂടെ എത്ര കോടി രൂപയുടെ വിദേശ ഓർഡർ ലഭ്യമായിട്ടുണ്ടെന്നു വിശദീകരിക്കുമോ ;

(ഡി) വിദേശ സംരംഭകരോ അവരുടെ പ്രതിനിധികളോ ആയ എത്ര പേർ പ്രസ്തുത അന്താരാഷ്ട്ര എക്സിബിഷനിൽ പങ്കെടുത്തിട്ടുണ്ടെന്നു വിശദീകരിക്കുമോ ?

ഉത്തരം

(എ) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി മാസം 4 മുതൽ 9 വരെ സംഘടിപ്പിച്ച അന്താരാഷ്ട്ര എക്സിബിഷനായ "കയർ കേരള-2011-ന്റെ ഇവന്റ് മാനേജ്മെന്റ് ഏജൻസിയായി സർക്കാർ നിശ്ചയിച്ച വ്യവസായ വകുപ്പിന് കീഴിലുള്ള കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊമോഷന് (കെ.ബിപ്)ഫെയറിന്റെ നടത്തിപ്പിലേയ്ക്കായി 219 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ബില്ലുകൾ അനുസരിച്ചുള്ള തുക കെ-ബിപ് പൂർണ്ണമായി സെറ്റിൽ ചെയ്തിട്ടില്ല. അത് സെറ്റിൽ ചെയ്തശേഷം പൂർണ്ണമായ ചെലവ് അറിയിക്കുന്നതാണ്.

(ബി) ആരിൽ നിന്നും സംഭാവനയായി തുക സ്വീകരിച്ചിട്ടില്ല.

(സി) ഫെയറിനോടനുബന്ധിച്ച് നടന്ന ബയർ സെല്ലർ മീറ്റിൽ ഏകദേശം 13 കോടി രൂപയുടെ വിപണനത്തിന് ധാരണയായിട്ടുണ്ട്. 25 കോടിയോളം രൂപയുടെ ഓർഡർ ലഭിച്ചിട്ടുണ്ട്. എന്നാണ് കണക്കാക്കുന്നത്. കയർ ഫെഡിനും കേരളസ്റ്റേറ്റ് കയർ കോർപ്പറേഷനും ഫോം മാറ്റിംഗിസിനുമായി ഏകദേശം 7.50 കോടി രൂപയ്ക്കുള്ള ഓർഡറുകൾ ലഭിക്കുകയും 3.95 കോടി രൂപയ്ക്കുള്ള എൻകയറി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിദേശ സംരംഭകരോ അവരുടെ പ്രതിനിധികളോ ദേശീയ ബയിംഗ് ഏജന്റുകളോ ആയി ഏകദേശം 106 പേർ അന്താരാഷ്ട്ര എക്സിബിഷനിൽ പങ്കെടുത്തതായിട്ടാണ് കണക്കാക്കുന്നത്. 19 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എത്തിച്ചേർന്നിരുന്നു. അന്താരാശ്ര പ്രദർശനം നിലവാരത്തിലും സംഘാടനത്തിലും അന്താരാഷ്ട്ര നിലവാരം പുലർത്തിയെന്നും ഇത് കൃത്യമായി എല്ലാ വർഷവും സംഘടിപ്പിക്കണമെന്നും കയർ കയറ്റുമതിക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

കയർ ഭൂവസ്ത്രത്തിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് പഠനം

42(2284) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ ഭൂവസ്ത്രത്തിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) കേരളത്തിൽ ഏതെല്ലാം മേഖലകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു ;

(സി) കയർ ഭൂവസ്ത്രത്തിന്റെ സാധ്യതകൾ എപ്രകാരമാണ് പ്രയോജനപ്പെടുത്താവുന്നത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബണ്ട് നിർമ്മാണം, മൺ കയ്യാലകളുടെ സംരക്ഷണം, ചരിഞ്ഞ പ്രദേശങ്ങളുടെ സംരക്ഷണം, തോടുകളുടേയും നദികളുടേയും പാർശ്വഭിത്തി സംരക്ഷണവും ഗ്രാമീണ തോടുകളുടേയും ബണ്ട് റോഡുകളുടേയും നിർമ്മാണവും ലാൻഡ്സ്കേപ്പിംഗ്, ബണ്ടുകളുടെ ഭിത്തികൾ മടവീഴ്ചയിൽ നിന്നും സംരക്ഷിക്കുക, മണ്ണൊലിപ്പ് തടയുക എന്നീ മേഖലകളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly